**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1402 — **03.10.2016 ൽ മറുപടിക്ക്**

## സമഗ്ര ആരോഗ്യ നയം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സമഗ്ര ആരോഗ്യ നയം രൂപവൽക്കരിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സമഗ്ര ആരോഗ്യ നയം രൂപവൽക്കരിക്കുന്നതിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കാൻ 17 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്; | (ബി) | കേരളം നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. |
| (സി) | പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ആരോഗ്യ നയം കരുപിടിപ്പിക്കുന്നതിനു വേണ്ടി രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവർക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ട്. എല്ലാ വിഭാഗം ജനങ്ങളുടേയും അഭിപ്രായം ക്രോഡീകരിച്ചതിനുശേഷം നവംബറിൽ അന്തിമ റിപ്പോർട്ട് ടി സമിതി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ